**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4255** **18-03-2025 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ട്രഷറി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | സ്വന്തമായി കെട്ടിടമില്ലാത്തതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ജീർണാവസ്ഥയിലുള്ള ട്രഷറി കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിനും ട്രഷറികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി ട്രഷറി വകുപ്പിനു കീഴിൽ "ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി" എന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ട്രഷറികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത്; പ്രസ്തുത ട്രഷറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ബാലുശ്ശേരി സബ് ട്രഷറിക്കും കുരാച്ചുണ്ട് സബ് ട്രഷറിക്കും നിലവിൽ സ്വന്തമായി കെട്ടിടമില്ല. രണ്ട് ട്രഷറികളും നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ബാലുശ്ശേരിയിൽ സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പേരിൽ സ്ഥലം ലഭ്യമായിട്ടില്ല. കുരാച്ചുണ്ട് സബ് ട്രഷറിക്കായി കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 6 സെന്റ് സ്ഥലം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07/12/2024 തീയതിയിലെ സ.ഉ (കൈ) നം. 173/2024/LSGD പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന്റെ പേരിൽ ലഭ്യമാകുന്ന മുറക്കും ഫണ്ട് ലഭ്യതയ്ക്കും വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ